**Adv. MINIMOL. V.K.**
CHAIRPERSON
HEALTH STANDING COMMITTEE
KOCHI MUNICIPAL CORPORATION

Mob : 9746349605
E-mail:minimolpalarivattom@gmail.com
Achu-Anu,
Vattathipadam Road,
Palarivattom P.O.,
Kochi - 682 025

Date 08.06.2016

## സദയം പ്രസിദ്ധീകരണത്തിന്

### "മഴക്കാല രോഗപ്രതിരോധത്തിന്റെ ഭാഗമായി ഹോട്ടൽ പരിശോധന ഊർജിതമാക്കി."

മഴക്കാല രോഗപ്രതിരോധത്തിന്റെ ഭാഗമായി കൊച്ചി നഗരസഭ ഹെൽത്ത് സ്ക്വാഡ് ഹോട്ടൽ പരിശോധന ഊർജിതമാക്കി. നഗരസഭ ഹെൽത്ത് സ്ക്വാഡ് 06/6/16, 07/6/16 എന്നീ 2ദിവസങ്ങളിലായി നഗരത്തിന്റെ 24 ഹോട്ടലുകളിൽ പരിശോധന നടത്തി.

പരിശോധനയിൽ വളരെ മോശമായ ശുചിത്വ സംവിധാനങ്ങളോടെ പ്രവർത്തിച്ചു വന്നിരുന്ന എസ്.ബി.ഹോട്ടൽ,ശിവശക്തി ബിൽഡിങ്,ചിറ്റൂർ റോഡ്,അയ്യപ്പൻകാവ് എന്ന സ്ഥാപനം ഉടനടി അടച്ചു പൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണ്.കൂടാതെ പരിശോധനയിൽ മറ്റു ന്യൂനതകൾ കണ്ടെത്തിയ ഹോട്ടലുകൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിന് സ്പോട്ട് നോട്ടീസ് നൽകിയിട്ടുള്ളതാണ്.

പരിശോധന സമയത്ത് മഴക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി തിളപ്പിച്ച കുടിവെള്ളം വിതരണം ചെയ്യുക,വ്യക്തി-പരിസര ശുചിത്വം പാലിക്കുക,ഭക്ഷണ ശുചിത്വം പാലിക്കുക തുടങ്ങിയ കാര്യങ്ങളിൽ സ്ഥാപന ഉടമകൾക്കും തൊഴിലാളികൾക്കും ബോധവൽക്കരണം നടത്തിപ്പോന്നിട്ടുള്ളതാണ്.

കൊച്ചി നഗരസഭ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ബി.ശശികുമാറിന്റെ നേതൃത്വത്തിൽ നടന്ന ഹോട്ടൽ പരിശോധനയിൽ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.എം.എൻ.നൗഷാദ്,ജെ.എച്ച്.ഐ മാരായ ശ്രീ.ആസിഫ്,ശ്രീ.സതീഷ് എന്നിവർ പങ്കെടുത്തിട്ടുള്ളതാണ്.

കർശനമായ പരിശോധന തുടരുന്നതും മോശമായ ശുചിത്വ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണെന്നും ഹെൽത്ത് ചെയർപേഴ്സൻ അഡ്വ.മിനിമോൾ.വി.കെ.അറിയിച്ചു.

മേൽ വാർത്ത താങ്കളുടെ മാദ്ധ്യമത്തിൽ പ്രസിദ്ധീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

അഡ്വ.മിനിമോൾ.വികെ
ചെയർപേഴ്സൺ,ഹെൽത്ത് കമ്മിറ്റി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ